# പതിനാലാം കേരള നിയമസഭ

**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3646**

**23-08-2017 ൽ മറുപടിക്ക്**

**തലശ്ശേരി നിയോജക മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

| ചോദ്യം<br>ശ്രീ. എ.എൻ. ഷംസീർ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) തലശ്ശേരി നിയോജക മണ്ഡലത്തിലെ 2017-18 വർഷത്തെ കിഫ്ബി ഫണ്ടിൽ ഉൾപ്പെട്ട പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദീകരിക്കാമോ; | തലശ്ശേരി നിയോജക മണ്ഡലത്തിലെ കിഫ്ബി ഫണ്ടിംഗിൽ ഉൾപ്പെട്ട പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) മഞ്ഞോടി-മലബാർ ക്യാൻസർ സെന്റർ-പന്തക്കൽ റോഡ് 2017-18 വർഷത്തെ കിഫ്ബിയിൽ ഉൾപ്പെടുത്തിയ പദ്ധതി ആണോ; ആണെങ്കിൽ പൊതുമരാമത്ത് വകുപ്പിന് അനുബന്ധ നടപടികൾ സ്വീകരിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടോ; | 2017-18 ലെ ബഡ്ജറ്റിന്മേലുള്ള പൊതു ചർച്ചക്കുള്ള മറുപടി പ്രസംഗത്തിലെ പ്രഖ്യാപനത്തിൽ അനുബന്ധമായി ചേർത്തിരിക്കുന്ന 1039.15 കോടി രൂപയുടെ പ്രവൃത്തികളുടെ പട്ടികയിൽ 8 ആം ഇനമായി 10 കോടി രൂപയുടെ മഞ്ഞോടി-മലബാർ കാൻസർ സെന്റർ-പന്തക്കൽ റോഡ് ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പ്രവൃത്തികൾ പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദാംശങ്ങൾ വാല്യം-2 ഭാഗം 2ൽ 20 ശതമാനം തുക വകയിരുത്തി ഉൾക്കൊള്ളിക്കുകയാണ് ചെയ്യുന്നതെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി വാർഷിക ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളും സർക്കാർ പ്രത്യേകമായി നിർദ്ദേശിക്കുന്ന പദ്ധതികളുമാണ് നിലവിൽ കിഫ്ബി മുഖേന നടപ്പിലാക്കിവരുന്നത്. ബഡ്ജറ്റ് വിഹിതമുള്ള പദ്ധതികൾ കിഫ്ബി പദ്ധതികളിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാലും മഞ്ഞോടി-മലബാർ കാൻസർ സെന്റർ-പന്തക്കൽ റോഡ് പദ്ധതിക്ക് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ളതിനാലും ടി പദ്ധതി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. |

| | |
|---|---|
| (സി) തലശ്ശേരി നിയോജക മണ്ഡലത്തിലെ ചൊക്ലി പഞ്ചായത്തിൽ റെഗുലേറ്റർ കം ബ്രിഡ്ജ് (RCB) കിഫ്ബിയിൽ ഉൾപ്പെട്ട പദ്ധതി ആണോ; ആണെങ്കിൽ ബന്ധപ്പെട്ട വകുപ്പിന് അനുബന്ധ നടപടികൾ സ്വീകരിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടോ? | തലശ്ശേരി നിയോജക മണ്ഡലത്തിലെ ചൊക്ലി പഞ്ചായത്തിൽ റെഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതി കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി വാർഷിക ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടില്ലാത്തതിനാൽ സർക്കാർ പ്രത്യേകമായി നിർദ്ദേശിച്ചിട്ടില്ലാത്തതിനാലും ടി പദ്ധതി കിഫ്ബി പദ്ധതികളിൽ ഉൾപ്പെട്ടുത്തിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

## Project List 2017-18- Thalassery

| Sl. No. | Project Name | Current Status |
|---|---|---|
| 1 | Thalassery Court Complex | Detailed Project Report not submitted to KIIFB |
| 2 | Chambad-Koppalam Thalassery Road | Detailed Project Report not submitted to KIIFB |
| 3 | Thalassery-Koothuparamba Comprehensive Drinking Water Project | Detailed Project Report not submitted to KIIFB |
| 4 | Chirakkara GHSS as a subproject under Upgradation of 1 school in each constituency | Detailed Project Report is under ~~Scrutiny~~ appraisal in by KIIFB ~~Appraisal~~. |